പത്രക്കുറിപ്പ്

ഓണാഘോഷം – 2017

ഓണം നാളുകളിൽ തൃശ്ശൂർ നഗരത്തിലും, പരിസര പ്രദേശങ്ങളിലും ഉണ്ടാകാനിടയുള്ള ഗാതഗത തിരക്ക് നിയന്ത്രിക്കുന്നതിനും, ഓണാഘോഷ വേളകളിൽ പൊതുജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി കൂടുതൽ പോലീസ് ഉദ്യോഗസ്ഥൻമാരെ ട്രാഫിക് നിയന്ത്രണത്തിനും, സുരക്ഷാ ഡ്യൂട്ടിക്കുമായി നിയോഗിച്ചിട്ടുള്ളതുമാണ്. തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവി രാഹുൽ.ആർ.നായർ IPS ന്റെ നേതൃത്വത്തിൽ അസി. പോലീസ് കമ്മീഷണറുടെ കീഴിൽ നാല് സർക്കിൾ ഇൻസ്പെക്ടർമാരും, 150-ഓളം പോലീസ് ഉദ്യോഗസ്ഥരെയുമാണ് ഓണം നാളുകളിലെ ട്രാഫിക് നിയന്ത്രണത്തിനും, സുരക്ഷാ ഡ്യൂട്ടിക്കുമായി വിന്യസിച്ചിട്ടുള്ളത്.

- വളരെയധികം ഗാതഗത തിരക്ക് അനുഭവപ്പെടുന്ന ഓണാഘോഷ വേളകളിൽ മദ്യപിച്ചും, അമിതവേഗതയിലും അശ്രദ്ധമായും വാഹനമോടിക്കുന്നത് ജീവഹാനി വരുത്തുമെന്നതിനാൽ പൊതുജനങ്ങൾ ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ട്രാഫിക് നിയമ ലംഘനം നടത്തുന്നവരുടെ വാഹനം കണ്ട് കെട്ടുന്നതിനും, ഡ്രൈവിങ്ങ് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനുമുള്ള നിയമാനുസരണ നടപടികൾ പോലീസ് കൈകൊള്ളുന്നതാണ്.
- വാഹനങ്ങൾക്ക് പാർക്കിങ്ങ് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ പൊതുജനങ്ങൾ വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ പാടുള്ളു. അനധികൃത പാർക്കിങ്ങ് നടത്തുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.
- നഗരത്തിൽ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ക്ലോസ്ഡ് സർക്ക്യൂട്ട് ക്യാമറകൾ വഴി പോലീസ് നിരീക്ഷണം ശക്തമാക്കുന്നതും, ട്രാഫിക് നിയമലംഘനം നടത്തുന്നവരെയും, പൊതുസ്ഥലങ്ങളിൽ പ്രശ്നമുണ്ടാക്കുന്നവരെയും, സ്ത്രീകളെയും കുട്ടികളെയും ശല്യം ചെയ്യുന്നവരെയും കണ്ടെത്തി മൊബൈൽ പട്രോളിങ്ങിലുള്ള പിങ്ക് പോലീസ് പട്രോൾ, ഫ്ലയിങ്ങ് സ്ക്വാഡ് എന്നിവരെ ഉപയോഗിച്ച് തത്സമയം തന്നെ പിടികൂടി നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.
- ഓണം ദിവസങ്ങളിൽ പൊതുവേ വാഹനങ്ങളുടെ അഭൂതപൂർവ്വമായ തിരക്ക് മുൻവർഷങ്ങളിൽ അനുഭവപ്പെട്ടിട്ടുള്ളതിനാൽ പൊതുജനങ്ങൾ കൂടുതൽ സ്വകാര്യ വാഹനങ്ങൾ നിരത്തിലിറക്കാതെ പരമാവധി പൊതു

ഗതാഗത സംവിധാനം ഉപയോഗിക്കുന്നത് ടൗണിലും പരിസരത്തും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് സഹായകരമായിരിക്കുമെന്നതിനാൽ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിന് സഹകരണം ഉണ്ടാകേണ്ടതാണ്.

- ട്രാഫിക് നിയന്ത്രണത്തിൽ ഏർപ്പെട്ടിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശങ്ങൾ പൊതുജനങ്ങൾ അനുസരിച്ചാൽ മാത്രമേ ഗതാഗത നിയന്ത്രണം സുഗമമാകുമെന്നതിനാൽ പൊതുജനങ്ങൾ പോലീസുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.
- ഫുഡ് പാത്തുകളിലും മറ്റും പൊതുജനങ്ങളുടെ സഞ്ചാരത്തിന് മാർഗ്ഗ തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ ഫുഡ് പാത്തുകളിലും മറ്റും അനധികൃത കച്ചവടം നടത്തുന്നവർക്കെതിരെ കർശന നിയമനടപടികൾ കൈകൊള്ളുന്നതായിരിക്കും.
- സാമൂഹ്യവിരുദ്ധർ ആഘോഷവേളകളിൽ പിടിച്ചുപറി, പോക്കറ്റടി, സ്ത്രീകളെ ശല്യം ചെയ്യൽ മുതലായവ നടത്തുവാൻ സാദ്ധ്യതയുള്ളതിനാൽ ആഘോഷവേളകളിൽ അപരിചതരുടെ സാന്നിദ്ധ്യം പ്രത്യേകം നിരീക്ഷിക്കേണ്ടതും അത്തരക്കാരെ ഒഴിവാക്കേണ്ടതുമാണ്.
- രാത്രി 10 മണിക്കുശേഷം പൊതുസ്ഥലങ്ങളിൽ മൈക്ക് ഉപയോഗിച്ച് ആഘോഷ പരിപാടികൾ നടത്തുന്നത് കുറ്റകരമായതിനാൽ ഒഴിവാക്കേണ്ടതാണ്. ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ മൈക്ക് സെറ്റുകൾ പിടിച്ചെടുത്ത് ബന്ധപ്പെട്ട വ്യക്തികൾക്കെതിരെയും, മൈക്ക് സെറ്റിൻെറ ഉടമസ്ഥർക്കെതിരെയും നിയമപരമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
- വ്യാജമദ്യ വില്പനക്ക് ഇടയുള്ളതിനാൽ പൊതുജനങ്ങൾ മദ്യോപയോഗം പരമാവധി ഒഴിവാക്കേണ്ടതാണ്.
- റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, ആരാധനാലയങ്ങൾ, ഹോട്ടലുകൾ, മാളുകൾ എന്നിവിടങ്ങളിൽ ബോംബ് സ്ക്വാഡിൻെറ സേവനം ഉപയോഗിച്ച് പോലീസ് പരിശോധന കർശനമാക്കും
- സ്ത്രീകളും, കുട്ടികളും ഉൾപ്പടെയുള്ള പൊതുജനങ്ങൾ ധാരാളമായി എത്തിച്ചേരുന്ന ഷോപ്പിങ്ങ് മാളുകളിലും സിനിമ തിയ്യേറ്ററുകളിലും ഷാഡോ പോലീസിനെ കൂടാതെ മഫ്ടിയിലുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരെയും, ആൻറി ഗുണ്ടാ സ്ക്വാഡിലുള്ള ഉദ്യോഗസ്ഥരെയും വിന്യസിച്ച് സൂക്ഷ്മ നിരിക്ഷണം നടത്തുന്നതായിരിക്കും.

- പൊതുജനങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുണ്ടാകുന്നപക്ഷം 24 മണിക്കൂറും പ്രവർത്തിക്കുന്ന തൃശ്ശൂർ സിറ്റി പോലീസ് കൺട്രോൾ റൂമിലേക്ക് 100 എന്ന നമ്പറിൽ വിളിച്ച് സഹായം ആവശ്യപ്പെടാവുന്നതാണ്.

Sd/-

ജില്ലാ പോലീസ് മേധാവി,

തൃശ്ശൂർ സിറ്റി.